കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: www.dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.8/563/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി.17-03-2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന
അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, (ജനറൽ) മലപ്പുറം.

3)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, (പെർഫോമൻസ് ഓഡിറ്റ്) മലപ്പുറം.

4)കാര്യാലയ പകർപ്പ്.

mac

നം. കെ.എസ്.എ.എം.പി.എം.8/563 /2017

തിയ്യതി:17-03-2017

മലപ്പുറം ജില്ലയിലെ അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 22-11-2015 മുതൽ 05-02-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. വി.കെ. ഷാജി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 06-02-2017 മുതൽ 10-02-2017വരെ

27-02-2017 മുതൽ 02-03-2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

ശ്രീ. അബ്ദുല്ല എ.സി	ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ. എം	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അബ്ദുസ്സലാം. പി	ഓഡിറ്റർ

ബി) നിർവഹണാധികാരികൾ

പ്രസിഡന്റ്

ശ്രീ. എം.സി മുഹമ്മദ് ഹാജി	01.04.2015 മുതൽ 31.10.2015 വരെ
അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി	01.11.2015 മുതൽ 18.11.2015 വരെ
ശ്രീമതി. പറമ്പൻ ലക്ഷ്മി	19.11.2015 മുതൽ 31.03.2016 വരെ

സെക്രട്ടറി

ശ്രീ. മാമുക്കുട്ടി. പി.പി	01.04.2015 മുതൽ 10.05.2015 വരെ
ശ്രീ. എ. ജയകുമാർ	11.05.2015 മുതൽ 31.03.2016 വരെ

നിർവഹണ ഉദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
സെക്രട്ടറി	ശ്രീ. മാമുക്കുട്ടി. പി.പി	01.04.2015 മുതൽ 10.05.2015 വരെ
	ശ്രീ. എ. ജയകുമാർ	11.05.2015 മുതൽ 31.03.2016 വരെ
മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)	ഡോ. ജമീല. സി.കെ	01.04.2015 മുതൽ 31.03.2016 വരെ
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ	ശ്രീ. മുഹമ്മദ് ബഷീർ. കെ	01.04.2015 മുതൽ 31.03.2016 വരെ

ഉള്ളടക്കം

ക്രമ നം.	വിഷയം	ഖണ്ഡിക നമ്പർ	പേജ് നമ്പർ
	ഭാഗം I പൊതു അവലോകനം		
1	ബജറ്റ്	1-1	
2	വാർഷിക ധനകാര്യപത്രിക	1-2	
3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	1-3	
4	സാമ്പത്തിക വിശകലനം	1-4	
5	ഫണ്ട് വിനിയോഗം	1-5	
6	പദ്ധതി അവലോകനം	1-6	
7	തനത് വരുമാനം	1-7	
8	ക്ഷേമപദ്ധതികൾ	1-8	
9	ക്യാഷ് വെരിഫിക്കേഷൻ	1-9	
10	ആഭ്യന്തരനിയന്ത്രണം	1-10	
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-11	
	ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ		
12	കെട്ടിട വാടക കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല	2-1	
	ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ		
13	സ്കൂട്ടർ വിത്ത് സൈഡ്‌വീൽ വിതരണം -അപാകതകൾ	3-1	
14	പദ്ധതി നിർവഹണം& മോണിറ്ററിംഗ് വാഹന വാടക അധികം നൽകി	3-2	
15	രേഖകൾ ലഭ്യമല്ല	3-3	
16	സംയോജിത നീർത്തട പരിപാലന പരിപാടി	3-4	
17	ചെലവ് രേഖകൾ ലഭ്യമല്ല	3-5	
18	ഉദ്ഘാടന പരിപാടി പരിധിയിൽ കവിഞ്ഞ ചെലവ്	3-6	
19	തുക തിരികെ ലഭ്യമായ വിവരം ലഭ്യമല്ല	3-7	
20	മരുന്നുകൾ മുഴുവനായും ലഭ്യമായില്ല	3-8	
21	മരാമത്ത് പ്രവർത്തി - അപാകതകൾ	3-9	
	ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും		
22	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട്	4-1	
23	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-2	
24	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3	
25	വായ്പ / വായ്പ തിരിച്ചടവ്	4-4	
26	സ്ഥിര നിക്ഷേപങ്ങൾ	4-5	
27	ഓഡിറ്റ് റിക്കവറി	4-6	

28	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7	
29	ഓഡിറ്റ് പ്രത്യവലോകനം	4-8	
30	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-9	

ഭാഗം 1

പൊതു അവലോകനം

1-1 ബജറ്റ്

2015-16 ലെ ബജറ്റ് 23-03-2015ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

1-2 വാർഷിക ധനകാര്യപത്രിക

വർഷം	ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
2015-16	31-07-2016	26-07-2016	-	-

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2015-16 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സൂചിപ്പിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാടക ഡിമാന്റ് / കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

2) സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3) അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ

വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) പ്രതിമാസ റസീറ്റ് ആന്റ് പെയ്മെന്റ് പത്രിക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നതിൽ സമയക്ലിപ്തത പാലിക്കുന്നില്ല.

5) 2014-15 അക്കൗണ്ട് സർട്ടിഫിക്കേഷനിൽ സൂചിപ്പിച്ച അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ല.

(അക്കൗണ്ട് ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

1-4 സാമ്പത്തിക വിശകലനം

	2015-16
മുന്നിരിപ്പ്	56917768
വരവ്	210540992
ആകെ	267458760
ചെലവ്	202702542
നീക്കിയിരുപ്പ്	64756218

1-5 ഫണ്ട് വിനിയോഗം

2015-16 (ACR പ്രകാരം)

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	7240356	35333000	425773356	41483630	1089726	9.7

വികസനഫണ്ട് എസ്.സി.പി.	2815360	16755000	19570360	16316726	3253634	83.4
വികസനഫണ്ട് ടി.എസ്.പി.	0	913000	913000	913000	0	100
സംരക്ഷണഗ്രാന്റ് നോൺറോഡ്	1067345	4887000	5954345	5244135	710210	88.1

വികസനഫണ്ട് പൊതുവിഭാഗം മുന്നിരിപ്പ് AFS പ്രകാരം 7155606 രൂപയും, ACR പ്രകാരം 7240356 രൂപയുമാണ്. "സുലേഖ" യിൽ അധികമായി വന്ന 84750 രൂപ പിന്നീട് ക്രമീകരിച്ചിട്ടുണ്ട്.

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

വർഷം	അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
2015-16	139	73871392	118	64055502	-	21	84.9

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ബ്ലോക്ക് പഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്.

ഇനം	2014-15	2015-16	വ്യത്യാസം	ശതമാനം (+)/(-)
നികുതി വരവുകൾ	0	0	0	0
നികുതിയേതര വരവുകൾ	2800000	83375	2716625	(-)97
മറ്റുവരവുകൾ	172209410	3527440	168681970	(-)98
ആകെ	173282576	3610815	169671761	(-)97.9

1-8 ക്ഷേമപദ്ധതികൾ

ഇല്ല

1-9 ക്യാഷ് വെരിഫിക്കേഷൻ

കാഷ് ബാലൻസ് ഇല്ല.

1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകൾ

സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിച്ചിട്ടില്ല. ഓരോ ഇനത്തിലും പെട്ട സ്ഥാവര ജംഗമ വസ്തുക്കളുടെ സ്റ്റോക്ക് വിവരം പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

സർക്കാർഉത്തരവ് 177/2006 ഫിൻ തിയ്യതി 12.04.2006 പ്രകാരം നിർവഹണോദ്യോഗസ്ഥർ TR7 A കാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി-IV) സൂക്ഷിക്കണം. കൂടാതെ സെക്രട്ടറിയും, നിർവഹണ

ഉദ്യഗസ്ഥരും അനുബന്ധം ബി-V ൽ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കണം. നിർവഹണ ഉദ്യഗസ്ഥർ സർക്കാർ നിർദേശം പാലിച്ചിട്ടില്ല.

മാസ്റ്റർ ഇംക്യൂംബൻസി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാടക ഡിമാന്റ് രജിസ്റ്റർ / കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

വൗച്ചറുകളുടെ സൂക്ഷിപ്പ്

വൗച്ചറുകൾ അനുബന്ധരേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. സാംഖ്യ പെയ്മെന്റ് വൗച്ചർ മിക്ക വൗച്ചറുകളുടെയും കൂടെ പ്രിന്റ് എടുത്ത് വെച്ചിട്ടില്ല. ആവശ്യമായ ബില്ല്, കൈപ്പറ്റ്, അനുബന്ധ രേഖകൾ എന്നിവ പല ഫയലിലും സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ് ക്രമീകരണ വിവരം വൗച്ചറിൽ രേഖപ്പെടുത്തിയിട്ടില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	31-12-2015 മുതൽ 08-01-2016 വരെ	01-04-2014 മുതൽ 31-11-2015 വരെ	17-03-2016
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	22-08-2016 മുതൽ 25-08-2016 വരെ	01-10-2014 മുതൽ 31-07-2016 വരെ	26-09-2016

ഭാഗം-2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 കെട്ടിട വാടക കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

2015-16 വാർഷിക കണക്കിൽ കെട്ടിട വാടക ഇനത്തിൽ 7200 രൂപയും, കെട്ടിട വാടക കുടിശ്ശിക ഇനത്തിൽ 600 രൂപയും വരവുണ്ട്. ബാലൻസ് ഷീറ്റ് പ്രകാരം വാടക കുടിശ്ശിക ഇനത്തിൽ 600 രൂപ ലഭിക്കാനുള്ളതായും കാണുന്നു. എന്നാൽ വാടകക്ക് നൽകുന്ന കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. കെട്ടിടം ആർക്കാണ് വാടകക്ക് നൽകിയത്, പ്രതിമാസ നിരക്ക്, വാടകക്കാരനുമായി കരാർ ചമച്ചതിന്റെ വിവരം എന്നിവ ലഭ്യമല്ല. ഡിമാന്റ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കി വാർഷിക സംഗ്രഹം സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
നടപടിക്രമങ്ങൾ പാലിക്കേണ്ടതും, രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതുമാണ്.

ഭാഗം-3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 സ്കൂട്ടർ വിത്ത് സൈഡ്‌വീൽ വിതരണം -അപാകതകൾ

2015-16 വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ സ്കൂട്ടർ വിത്ത് സൈഡ്‌വീൽ എന്ന പ്രൊജക്ട് പ്രകാരം ₹ 1000000 പിൻവലിച്ചിട്ടുണ്ട്.(ബിൽ നമ്പർ 11/15-16 തി.29.09.2015)

വികലാംഗർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ നൽകുന്നതിന് തുക മുൻകൂറായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് അടക്കുകയാണ് ചെയ്തത്.

പ്രൊജക്ട് നടത്തിപ്പ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)സ്വന്തമായി വാഹനമോടിക്കാൻ കഴിവില്ല എന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തിയ ഗുണഭോക്താവിന് ആനുകൂല്യം നൽകി. ശ്രീ കുഞ്ഞിപ്പോക്കർ, പനങ്ങോട്ടുമ്മൽ, ഓമാനൂർ എന്ന ഗുണഭോക്താവിനാണ് ഇത്തരത്തിൽ വാഹനം ഓടിക്കാൻ കഴിവില്ല എന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തിയിട്ടും വാഹനം നൽകിയത്.

2) പണം നൽകുമ്പോൾ സ്ഥാപനവുമായി കരാർ ചമച്ചിട്ടില്ല.

3)കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനെ പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് പണം മുൻകൂർ നൽകാവുന്ന ഏജൻസിയായി സർക്കാർ അംഗീകരിച്ചിട്ടില്ല.

4) പതിനാല് ഗുണഭോക്താക്കൾക്ക് വാഹനം വിതരണം ചെയ്യുന്നതിനാണ് പണം നൽകിയത്. എന്നാൽ സ്കൂട്ടർ സപ്ലൈ

ചെയ്ത ബിൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സ്ഥാപനം വാഹനം സപ്ലൈ ചെയ്തതിന്റെ വാറ്റ്ബിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

5) ഗുണഭോക്താക്കളുടെ ഡ്രൈവിംഗ് ലൈസൻസ് പരിശോധനക്ക് ലഭിച്ചിട്ടില്ല

6)പതിനാല് ഗുണഭോക്താക്കൾക്ക് വാഹനം നൽകിയതായ ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കി എന്നാൽ ഈ ഗുണഭോക്താക്കൾ വാഹനം കൈപ്പറ്റിയതിന്റെ രേഖ ലഭ്യമല്ല.

7) ശ്രീ വിനോദ് പന്തപ്പള്ളി വീട് എന്ന ഗുണഭോക്താവ് ഒഴികെ മറ്റ് ആരുടെയും വാഹനം മോട്ടോർ വാഹന വകുപ്പിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

8) ലഭ്യമായ RC പ്രകാരം വാഹനം വിതരണം ചെയ്തത് മെറിഡിയൻ മോട്ടോർസ് പാലക്കാട് എന്ന സ്ഥാപനമാണ്. വികലാംഗ ക്ഷേമ കോർപ്പറേഷനെ ഏൽപ്പിച്ച പ്രൊജക്ട് പ്രകാരമുള്ള ഉപകരണം മറ്റൊരു സ്ഥാപനം സപ്ലൈ ചെയ്തത് എങ്ങനെ എന്ന് വ്യക്തമാക്കേണ്ടതാണ്.

9) വികലാംഗ കോർപ്പറേഷൻ സമർപ്പിച്ച രേഖപ്രകാരം ഒരു വാഹനത്തിന് ₹69500 നിരക്കിൽ 14 എണ്ണത്തിന് ₹ 973000 മാത്രമെ നൽകേണ്ടതുള്ളൂ. എന്നാൽ സ്ഥാപനത്തിന് ₹ 1000000 നൽകിയിട്ടുണ്ട്.

വികലാംഗ ക്ഷേമ കോർപ്പറേഷന് അധികമായി നൽകിയ ₹27000 യും, വാഹനം ഓടിക്കാൻ കഴിവില്ലാത്ത ഗുണഭോക്താവിന് വാഹനം നൽകുക വഴി ഒരു സ്കൂട്ടറിന്റെ പണം പാഴ്ചെലവാക്കിയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച ₹ 69500 യും ഉൾപ്പെടെ ₹ 96500 യുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുക ₹ 96500 ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്

വാഹന വിതരണം സംബന്ധിച്ച രേഖകൾ , വാഹനം വാങ്ങിയതിന്റെ വാറ്റ് ബില്ല്, ഗുണഭോക്താക്കൾ വാഹനം കൈപ്പറ്റിയതിന്റെ രേഖകൾ, ഗുണഭോക്താക്കളുടെ ഡ്രൈവിംഗ് ലൈസൻസ്, വാഹന രജിസ്ട്രേഷൻ രേഖകൾ എന്നിവ ലഭ്യമാക്കാത്തതിനാൽ അവശേഷിക്കുന്ന ചെലവ് ₹903500 (1000000-96500) തടസ്സം ചെയ്യുന്നു. വ്യക്തമായ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-2 പദ്ധതി നിർവഹണം& മോണിറ്ററിംഗ് വാഹന വാടക അധികം നൽകി.

2015-16 വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി നിർവഹണം& മോണിറ്ററിംഗ്(13/16) എന്ന പ്രൊജക്ട് പ്രകാരം വാഹന വാടക നൽകുന്നതിന് ₹ 45700 പിൻവലിച്ചിട്ടുണ്ട്.(ബിൽ നമ്പർ 35/15-16 തി.31.03.2016)

വാഹന വാടക രേഖകൾ പരിശോധിച്ചതിൽ വാഹന വാടക ഇനത്തിൽ സർക്കാർ അംഗീകരിച്ചതിനെക്കാൾ വളരെ ഉയർന്ന നിരക്ക് നൽകിയതായി കാണുന്നു. വിശദ വിവരം താഴെ നൽകുന്നു

സർക്കാർ അംഗീകൃത നിരക്ക്

മോട്ടോർ കാർ – ആദ്യ 5 km ന് 150 തുടർന്നുള്ള ഓരോ km ന് 15 വീതം

ഓട്ടോ - ആദ്യ 1.5 km ന് 20 തുടർന്നുള്ള ഓരോ km ന് 10 വീതം

തിയ്യതി	ഉപയോഗിച്ച വാഹനം	ഓടിയ ദൂരം	അർഹമായ വാടക	നൽകിയത്	അധികം
02.12.2015	KL-10-AC-8071 TATA Sumo	108	1695	3240	1545
07.12.2015	KL-10-AC-8071 TATA Sumo	68	1095	2040	945
10.12.2015	KL-10-AC-8071 TATA Sumo	170	2625	5100	2475
19.12.2015	KL-10-AC-8071	48	795	1440	645

	TATA Sumo				
31.12.2015	KL-10-AC-8071 TATA Sumo	132	2055	3960	1905
01.01.2016	KL-10-AC-8071 TATA Sumo	98	1545	2940	1395
04.01.2016	KL-10-AC-8071 TATA Sumo	40	675	1200	525
11.01.2016	KL-10-AC-8071 TATA Sumo	98	1545	2940	1395
15.01.2016	KL-10-AC-8071 TATA Sumo	98	1545	2940	1395
18.01.2016	KL-10-AC-8071 TATA Sumo	92	1455	2760	1305
29.01.2016	KL-10-AC-8071 TATA Sumo	78	1245	2340	1095
01.02.2016	KL-10-AC-8071 TATA Sumo	109	1710	3270	1560
02.02.2016	KL-10-AJ-2832 Auto	98	985	2940	1955
10.03.2016	KL-10-AJ-2832 Auto	130	1305	3900	2595
21.03.2016	KL-10-AJ-2832 Auto	161	1615	4690	3075
ആകെ			21890	45700	23810

സർക്കാർ അംഗീകരിച്ചതിലും ഉയർന്ന വാടക നൽകിയത്മൂലം അധികം ചെലവഴിച്ച ₹ 23810 ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

3-3 രേഖകൾ ലഭ്യമല്ല

സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ പൂർത്തീകരണം സംബന്ധിച്ച് അനുബന്ധ രേഖകൾ ലഭ്യമല്ല. വിശദ വിവരം താഴെ നൽകുന്നു

പ്രൊജക്ട്	തുക	ബിൽ നമ്പർ	കുറിപ്പ്
SC യുവജനങ്ങൾക്ക് തൊഴിൽ പരിശീലന കേന്ദ്രം ഫർണിച്ചർ വാങ്ങൽ (132/16)	208001	31/15-16 തി. 31.03.2016	വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്തതത് ഏത് പരിശീലന കേന്ദ്രത്തിനാണ് എന്ന് വ്യക്തമല്ല. സ്റ്റോക്ക്, ഇഷ്യു വിവരം ലഭ്യമല്ല
സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം അടക്കൽ (152/16)	100000	21/15-16 തി. 23.03.2016	പണം കൈപ്പറ്റ് രേഖ ലഭ്യമല്ല
വനിത ലേബർ ബാങ്ക് വിഹിതം നൽകൽ (9/16)	400000	22/15-16 തി. 23.03.2016	വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല
കിഡ്നി പേഷ്യന്റ്സ് വെൽഫയർ സൈസൈറ്റി വിഹിതം നൽകൽ (19/16)	100000	29/15-16 തി. 31.03.2016	വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല
ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിഹിതം നൽകൽ (15/16)	400000	32/15-16 തി. 31.03.2016	വിവിധ പഞ്ചായത്തുകൾ കൈപ്പറ്റിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല കാവനൂർ - 100000, കീഴുപറമ്പ്- 65638 ഉർങ്ങാട്ടിരി- 108278, അരീക്കോട്- 75810 കുഴിമണ്ണ- 50274
ആകെ	1208001		

ഇക്കാര്യം പരാമർശിച്ച് ഓഡിറ്റ് എൻക്വയറി (2/8-2-2017)നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹ 1208001 തടസ്സം ചെയ്യുന്നു. പ്രൊജക്ടുകളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതാണ്.

3-4 സംയോജിത നീർത്തട പരിപാലന പരിപാടി

കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത നീർത്തട പരിപാലന പരിപാടി (IWMP) 2011-12 മുതൽ ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കി വരുന്നുണ്ട്. ആദ്യ വർഷം ആരംഭിച്ച അരീക്കോട് I, അരീക്കോട് II, തുടർന്നുള്ള വർഷങ്ങളിൽ നടപ്പാക്കിയ അരീക്കോട് III ഉൾപ്പെടെ മൂന്ന് പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് നിർവഹണം നടത്തി വരുന്നുണ്ട്. മൂന്ന് പദ്ധതികളിലായി ആകെ 25 നീർത്തടങ്ങളാണ് ഉൾപ്പെടുന്നത്.

2015-16 വർഷത്തിൽ അഡ്മിനിസ്ട്രേറ്റീവ് ചെലവ് അല്ലാതെ ചെലവഴിച്ച തുകയുടെ വിവരങ്ങൾ താഴെ നൽകുന്നു.

പ്രൊജക്ട്	NRM	LSS	PSM	ആകെ
അരീക്കോട് I	4802000	500000	3780100	9082100
അരീക്കോട് II	4454575	375000	873620	5703195
അരീക്കോട് III	4116000	450000	141150	4707150
ആകെ	13372575	1325000	4794870	19492445

ഓഡിറ്റിന്റെ ഭാഗമായി ചെലവ് രേഖകൾ പരിശോധിച്ചതിൽ പ്രവൃത്തി നടത്തിപ്പിലും രേഖകൾ സൂക്ഷിപ്പിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

A)രേഖകളുടെ സൂക്ഷിപ്പ്

പദ്ധതിയുടെ പ്രവർത്തന മാർഗ്ഗരേഖ സ.ഉ(കൈ) നം 105/2011/ത.സ്വ.ഭ.വ തി. 14.06.2011 പ്രകാരം ധനവിനിയോഗവുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കേണ്ടത് PIA ആയ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ആണ് എന്ന്

വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി രേഖകൾ അതാത് നീർത്തട കമ്മിറ്റി സെക്രട്ടറിമാരാണ് സൂക്ഷിക്കുന്നത്.

B)മരാമത്ത് പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ

പ്രകൃതി വിഭവ പരിപാലന പ്രവർത്തനങ്ങൾ (NRM) ഭാഗമായി വിവിധ നിർമാണ പ്രവൃത്തികൾ നടപ്പാക്കുന്നത് ഗുണഭോക്തൃ സമിതി മുഖേനയാണ്. ഇതിന്റെ ഭാഗമായി നിർമാണ പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ IWMP പ്രവർത്തന മാർഗ്ഗരേഖയിൽ വ്യക്തമായി നിർദേശിക്കുന്നുണ്ട്. (അദ്ധ്യായം VII) എന്നാൽ ഈ നിർദേശങ്ങൾ പൂർണമായി പാലിക്കാതെയാണ് പ്രവൃത്തികൾ നടത്തിയിരിക്കുന്നത്.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ തൊഴിലാളികൾ ജോലിചെയ്തതിന്റെ വിവരം രേഖപ്പെടുത്തുന്ന മസ്റ്റർ റോൾ ഒരു പ്രവൃത്തിയിൽ പോലും സൂക്ഷിച്ചിട്ടില്ല. കൂടാതെ വിവിധ മെറ്റീരിയലുകൾ ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികൾക്ക് (കല്ല്, സിമന്റ്, കമ്പി മുതലായവ) സാധനങ്ങൾ സംഭരിക്കുന്നതിന് സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. മരാമത്ത പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച സാധനങ്ങൾ വാങ്ങിയതിന്റെ ബില്ല് എന്നിവ ഫയലിൽ സൂക്ഷിക്കേണ്ടതായിരുന്നുവെങ്കിലും അത്തരം യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല. കരാറുകാർ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെതുപോലെയാണ് രേഖകൾ സൂക്ഷിച്ചിരിക്കുന്നത്.

പ്രവൃത്തികൾ നടപ്പാക്കുന്നതിൽ സർക്കാർ ഉത്തരവിൽ നിർദേശിച്ചതും പദ്ധതി ലക്ഷ്യം വച്ചതുമായ സുതാര്യത ഉണ്ടായില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പ്രവൃത്തി നടപ്പാക്കിയത് യഥാർത്ഥ ഗുണഭോക്തൃ സമിതികൾ തന്നെയാണോ എന്നത് വിശദമായ അന്വേഷണത്തിന് വിധേയമാക്കേണ്ടതാണ്.

പ്രകൃതി വിഭവ പരിപാലന പ്രവർത്തനങ്ങൾ (NRM)

പ്രകൃതി വിഭവ പരിപാലന പ്രവർത്തനങ്ങൾ (NRM) എന്ന ഇനത്തിൽ പദ്ധതി പ്രദേശത്തെ പ്രകൃതി വിഭവങ്ങളായ മണ്ണ് , ജലം , ജൈവ സമ്പത്ത് എന്നിവയെ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിനായി മഴക്കുഴി, മൺകയ്യാലകൾ, കല്ല് കയ്യാലകൾ, ഫലവൃക്ഷങ്ങൾ വച്ച് പിടിപ്പിക്കൽ , ജൈവവേലി, കോണ്ടൂർ ബണ്ടുകളും ട്രഞ്ചുകളും നിർമിക്കൽ, കുളങ്ങളുടെയും നീരുറവകളുടെയും പുനരുദ്ധാരണം, തടയണ നിർമാണം, കാവുകളുടെയും നിർച്ചാലുകളുടെയും സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളാണ് നിർദേശിച്ചിരുന്നത്.

നീർച്ചാൽ സംരക്ഷണത്തിന് കൈത ,മുള ,രാമച്ചം, കയർ ഭൂവസ്ത്രം എന്നിവ ഉപയോഗിച്ച് അരുവികളുടെയും തോടുകളുടെയും പാർശ്വ സംരക്ഷണം നടത്തുന്നതിനാണ് പദ്ധതിയിൽ നിർദേശിച്ചിട്ടുള്ളത്. പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ച് പുറപ്പെടുവിച്ച സ.ഉ (സാ.ധാ) നം. 1488/2014 ത.സ്വ.ഭ.വ തി. 11.06.2014 ഉത്തരവിൽ നീർത്തടങ്ങളുടെ പ്രകൃതി വിഭവ പരിപാലന പ്രവർത്തനങ്ങൾക്ക് സിമന്റ്, പാറ, മണൽ, സ്റ്റീൽ തുടങ്ങിയ സാമഗ്രികൾ ഉപയോഗിച്ചുള്ള നിർമാണ പ്രവർത്തനങ്ങ്ൾ ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ മാത്രമെ ഈ പദ്ധതിയിൽ കീഴിൽ ഏറ്റെടുക്കാവൂ എന്നും നിർദേശിച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയ മൂന്ന് പ്രൊജക്ടുകളിലുമായി ആകെ 62 പ്രകൃതി വിഭവ പരിപാലന പ്രവർത്തനങ്ങളിൽ 50 പ്രവൃത്തികളിലും നടപ്പാക്കിയത് നീർച്ചാലുകളുടെ പാർശ്വ ഭിത്തി സംരക്ഷണ പ്രവൃത്തിയാണ്. എല്ലാ പ്രവൃത്തിയിലും കരിങ്കല്ല് ഉപയോഗിച്ച് സൈഡ് കെട്ടുന്നതിനും അതിന് മുകളിൽ കോൺക്രീറ്റ് ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. ഏറ്റെടുക്കുന്നതിന് കർശന നിയന്ത്രണം ഏർപ്പെടുത്തിയ പ്രവൃത്തികൾ തന്നെ വ്യാപകമായി നടപ്പാക്കിയത് ശരിയായ നടപടിയല്ല. കൂടാതെ നീർച്ചലുകളുടെ അരികുകളിൽ കരിങ്കല്ല് ഉപയോഗിച്ച് കെട്ടുന്നത്മൂലം പദ്ധതിയുടെ പ്രധാന ഉദ്ദേശ്യമായ ജലസംരക്ഷണം എന്ന ലക്ഷ്യം നേടാൻ സാധിക്കാതെ വരുകയാണ് ചെയ്യുന്നത്.

ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് യോജിക്കാത്ത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയതും പ്രവൃത്തി നടത്തിപ്പിൽ സുതാര്യത പാലിക്കാതത്തും ഭരണ സമിതിയുടെ ശ്രദ്ധയിൽ പ്പെടുത്തുന്നു. ഭാവിയിൽ പദ്ധതി നടത്തിപ്പിൽ സർക്കാർ നിർദേശം പൂർണ്ണമായി പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3-5 ചെലവ് രേഖകൾ ലഭ്യമല്ല

ബ്ലോക്ക് പഞ്ചഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന ചെലവുകളുടെ അനുബന്ധ രേഖകൾ ലഭ്യമല്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	വൗച്ചർ നമ്പർ/ചെക്ക് നമ്പർ	തുക	ചെലവ്	കുറിപ്പ്
1	21500227/17.06.2015	10000	മഞ്ചേരി അസി. കൃഷി ഡയറക്ടറുടെ	ബില്ല്, കൈപ്പറ്റ് ലഭ്യമല്ല

			ഓഫീസ് ചെലവ്, വൈദ്യുതി ചാർജ്	
2	21500234/17.06.2015	35000	മെഡിക്കൽ ഓഫീസർ സി.എച്ച്.സി ഓമാനൂർ, ഓഫീസ് ചെലവ്	25000 രൂപ യുടെ ചെലവ് ബില്ലുകൾ മാത്രമേ ഫയലിനോടു കൂടെ സമർപ്പിച്ചിട്ടുള്ളൂ.
3	21500252/18.06.15	4500	മഞ്ചേരി ക്ഷീര വികസന യൂണിറ്റ് ഓഫീസിന് ഓഫീസ് ചെലവുകൾക്ക് തുക അനുവദിക്കുന്നത്	ബില്ല്, കൈപ്പറ്റ് അനുബന്ധരേഖകൾ ഇല്ല
4	21500469/26.08.2015	15565	ഓഫീസ് വാഹനത്തിന് സ്പെയർ പാർട്സ് വാങ്ങുന്നതിനുള്ള വില പി.എം.എച്ച് ഓട്ടോ മൊബൈൽസിന് നൽകിയത്	ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരം ഇല്ല. അറ്റകുറ്റപ്പണികൾക്ക് ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്, എസ്റ്റിമേറ്റ് ഇല്ല.
5	21500554/25.11.2015	17700	ഓഫീസ് വാഹനത്തിന് ടയർ മാറ്റിയതിന്റെ തുക മലബാർ ഓട്ടോ & ജനറൽ ഏജൻസീസ് മഞ്ചേരിക്ക് നൽകിയത്.	ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല.
6	21500578/02.12.2015	35833	2015-16 വർഷത്തെ പദ്ധതി രേഖ, ഓഫീസ് സാധനങ്ങൾ വാങ്ങിയ തുക ന്യൂ സ്റ്റാർ ഓഫ് സെറ്റ് പ്രസ്സ് അരീക്കോടിന് നൽകിയത്	ക്വട്ടേഷൻ / ബില്ല് / കൈപ്പറ്റ് രേഖകൾ ഇല്ല
	21500579/02.12.2015	1800		
7	21500580/02.12.15	10000	ഇലക്ഷൻ ആവശ്യത്തിനുള്ള ഡീസൽ ബില്ല് ടി. പത്മനാഭൻ ഡ്രൈവർക്ക് അഡ്വാൻസ് നൽകിയത്	ബില്ല്/ അഡ്വാൻസ് ക്രമീകരണ വിവരം
8	21500582/02.12.15	8250	02.10.15 ന് നടന്ന അംഗ പരിമിതർക്കുള്ള മുച്ചക്ര/ ഐ.എ.വെ ഗുണഭോക്താക്കൾക്ക് തുക വിതരണം, ഉദ്ഘാടന പരിപാടിയുടെ നടത്തിപ്പ് ചെലവ്	7750 രൂപയുടെ ബില്ലുകൾ മാത്രമേ ഫയലിൽ ലഭ്യമാക്കിയിട്ടുള്ളൂ.
9	21500583/02.12.15	7450	സെക്രട്ടറിക്ക് പ്രിന്റർ വാങ്ങിയത്. ലഭ്യമായ 3 ക്വട്ടേഷനുകളിൽ കുറവ് ക്വാട്ട് ചെയ്ത ഓർബിറ്റ് കമ്പ്യൂട്ടർ സൊല്യൂഷൻ, നിലമ്പൂർ എന്ന സ്ഥാപനത്തിന് കാനൻ 2900 B എന്ന പ്രിന്റർ നൽകിയ വകയിൽ 7450 രൂപ നൽകി.	07.10.15 ലെ സ്ഥാപനത്തിന്റെ ക്വട്ടേഷൻ പ്രകാരം നികുതി ഉൾപ്പെടെ ക്വാട്ട് ചെയ്ത തുക 7325 രൂപയാണ്.
10	21500578/02.12.15	50000	2015 ലെ ത.സ്വ.ഭ.വ സ്ഥാപനങ്ങളിലേക്ക് നടന്ന പൊതു തെരഞ്ഞെടുപ്പ് പെട്രോൾ, ഡീസൽ അടിക്കുന്നതിനായി പെട്രോൾ പമ്പുകൾക്ക് നൽകിയ തുക	കൈപ്പറ്റ്, ബില്ല് തുടങ്ങിയ അനുബന്ധരേഖകൾ ഇല്ല
11	21500605/02.12.15	50000	മെഡിക്കൽ ഓഫീസർ സി.എച്ച്.സി എടവണ്ണ ക്ക് നൽകിയ തുക	ചെലവ് രേഖകൾ ഇല്ല
	21500604/02.12.15	50000		
12	21501154/06.02.16	32000	ഷബ്ന കെ.വി, NREGS ഓവർസിയർക്ക് 12/15, 01/16 മാസത്തെ വേതനം	മസ്റ്റർ റോൾ, അക്വിറ്റൻസ്, കൈപ്പറ്റ് വിവരം ഇല്ല
13	21501155/06.02.16	19200	അജ്മൽ ഖാൻ, DEO, NREGS ഓവർസിയറുടെ 12/15, 01/16 മാസത്തെ വേതനം	മസ്റ്റർ റോൾ, അക്വിറ്റൻസ്, കൈപ്പറ്റ് വിവരം ഇല്ല
14	21501247/25.02.16	13544	അരീക്കോട് താലൂക്ക് ആശുപത്രിയുടെ ടെലഫോൺ ചാർജ്	ബില്ല് ഫയലിൽ ലഭ്യമല്ല.

15	21501261/25.02.16	10290	വിവിധ മീറ്റിംഗുകളിലെ ചായ ലഘു ഭക്ഷണം നൽകിയതിന് ശ്രീ. നാരായണൻ, NR ഹോട്ടലിന് നൽകിയത്.	8950 രൂപയുടെ ബില്ലുകൾ മാത്രമേ ഫയലിൽ ലഭ്യമാക്കിയിട്ടുള്ളൂ.
16	21501293/26.02.16	6400	ശ്രീമതി. സുമതി.എം. ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് 08/15 ലെ ദിവസ വേതനം നൽകിയത്.	മസ്റ്റർ റോൾ, അറ്റൻഡൻസ് വിവരം ഇല്ല
17	21501400/15.03.16	10350	ശ്രീമതി. ജ്യോതിഷ്മതി, കെ ദിവസവേതന ക്ലർക്കിന്റെ 02/16 ലെ വേതനം നൽകിയത്	നൽകേണ്ട തുക 23x400 = 9200 1150 രൂപ അധികം നൽകി
18	21501762/31.03.16	35833	നെറ്റ് കണക്ഷൻ മാറുന്നതിന് BSNL മഞ്ചേരിക്ക് നല്കിയ തുക	ബില്ല്, കൈപ്പറ്റ് ഇല്ല പ്രവർത്തി നടന്നതിന്റെ വിവരം ഇല്ല
19	424218/ 12.08.2015	5250	കുഴൽ കിണറിൽ വെള്ളം ലഭ്യമാക്കുന്നതിന്, ജലലഭ്യത നോക്കുന്നതിന് മലപ്പുറം ഭൂജല വകുപ്പിൽ നൽകിയത്	ജലലഭ്യത പരിശോധിച്ചതിന്റെ വിവരം ലഭ്യമല്ല
20	21500550/25.11.2015	1750	പുതിയ കുഴൽ കിണറിൽ കുഴിക്കുന്നതിന് ഫീസിബിലിറ്റി പഠനം നടത്തുന്നതിന് മലപ്പുറം ഭൂജല വകുപ്പിൽ നൽകിയത്	ഫീസിബിലിറ്റി പഠനം നടത്തിയതിന്റെ വിവരം ലഭ്യമല്ല
ആകെ		430715		

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 8/27-2-2017)ക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 430715 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

3-6 ഉദ്ഘാടന പരിപാടി പരിധിയിയിൽ കവിഞ്ഞ ചെലവ്

നിർവഹണം : ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

വൗച്ചർ നമ്പർ : 21500219/17-06-2015

ചെക്ക് നമ്പ്ർ : 2912983/14-05-2015

തുക : 30400 രൂപ

മേൽ വൗച്ചർ പ്രകാരം ബ്ലോക്ക് പഞ്ചായത്തിലെ താഴെപ്പറയുന്ന് 2 ഉദ്ഘാടന പരിപാടികൾക്കായി 30400 രൂപ തനത് ഫണ്ടിൽ നിന്ന് പിൻവലിച്ച് വൈസ് പ്രസിഡണ്ടിന് നൽകിയിട്ടുണ്ട്.

1. അംഗ പരിമിതർക്കുള്ള മുച്ചക്ര വിതരണം, അംഗനവാടികൾക്ക് ബേബി സൈക്കിൾ വിതരണം ഉദ്ഘാടനം 10-04-2015 ന് നടന്നത്. ചെലവ് 15200 രൂപ.

2. ഐ.എ.വൈ ഗുണഭോക്താക്കൾക്കുള്ള ധനസഹായ വിതരണം, MKSP സ്കീമിൽ പരിശീലനം പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണോദ്ഘാടനം 27-04-2015 ന് നടന്നത്. ചെലവ് 15200 രൂപ.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.12.2015 ലെ സ.ഉ (സാധാ) നം.3866/2015/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങിന് പരമാവധി 25000 രൂപയും, അല്ലാതെയുള്ള ഉദ്ഘാടന ചടങ്ങുകൾക്ക് പരമാവധി 10000 രൂപയും തനത് ഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാന പ്രകാരം ചെലവഴിക്കാവുന്നതാണ്.

ഭരണ സമിതി തീരുമാനത്തിന്റെ വിവരം, ചടങ്ങിൽ മന്ത്രിമാർ പങ്കെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം ചെലവഴിച്ച 10400 രൂപ (5200+5200) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

3-7 തുക തിരികെ ലഭ്യമായ വിവരം ലഭ്യമല്ല

വൗച്ചർ നമ്പർ : 21500084/19-05-2015

ചെക്ക് നമ്പർ : 2912980/11-05-2015

തുക : 16250 രൂപ

മേൽ വൗച്ചർ പ്രകാരം സെൻസസുമായി ബന്ധപ്പെട്ട ചെലവുകൾക്കായി 16250 രൂപ ശ്രീ. സി. ഷമീർമോൻ എക്സ്റ്റൻഷൻ ഓഫീസർ (P&M) ന് നൽകിയിട്ടുണ്ട്. ആയത് ചുവടെ ചേർക്കും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

ചായ ലഘു കടി / സോർട്ടിംഗ് ജോലി : 3800

ഹയറിംഗ് / സ്റ്റേഷനറി : 12450

ആകെ : 16250

ജില്ലാ പ്രൊജക്ട് ഡയറക്ടറുടെ നിർദേശ പ്രകാരം സ്റ്റേഷനറി ചെലവ് ഇനത്തിൽ ചെലവായ 12450 രൂപ SECC ഫണ്ടിൽ ലഭ്യമാകുന്ന മുറക്ക് റീ കൂപ്പ് ചെയ്യാമെന്ന വ്യവസ്ഥയിൽ ജനറൽ പർപസ് ഗ്രാന്റിൽ നിന്ന് അനുവദിക്കുകയാണ് ചെയ്തത്.

തുക റീ കൂപ്പ് ചെയ്തതിന്റെ വിവരം ലഭ്യമാക്കോണ്ടതാണ്.

3-8 മരുന്നുകൾ മുഴുവനായും ലഭ്യമായില്ല

2015-16 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, എടവണ്ണ) നിർവഹണം നടത്തിയ വിവിധ പദ്ധതികളിൽ മരുന്നുകൾ വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം തുക പിൻവലിച്ച് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. സപ്ലൈ ഓർഡർ നൽകിയതിനനുസരിച്ചുള്ള മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ	ബിൽ നമ്പർ/തിയ്യതി	തുക	ലഭ്യമായ മരുന്നിന്റെ വില	ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില
57/15-16 (സി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ)	1/15-16, 21-03-2016	459400	374980	84420
58/15-16 (വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ)	2/15-16, 21-03-2016	150000	147557	2443
59/15-16 (പാലിയേറ്റീവ് പരിചരണം മരുന്ന് വാങ്ങൽ)	3/15-16, 21-03-2016	200078	170916	29162

ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-9 മരാമത്ത് പ്രവർത്തി - അപാകതകൾ

ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവർത്തികളിൽ മിക്കവയും ഗുണഭോക്തൃ സമിതി മുഖേനയാണ് നടപ്പിലാക്കിയത്. സമിതി മുഖേന നടത്തുന്ന മരാമത്ത് പ്രവർത്തികളുടെ ഫൈനൽ ബില്ല് നൽകുന്നതിന് മുമ്പായി കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകളും വൗച്ചറുകളും പരിശോധിക്കേണ്ടതാണ്. ടാർ, സിമന്റ്, കമ്പി എന്നിവ ഉപയോഗിക്കുകയാണെങ്കിൽ അംഗീകൃത ഡീലർമാരിൽ നിന്നുള്ള വൗച്ചറുകൾ ഹാജരാക്കേണ്ടതും, കൺവീനർക്ക് യഥാർത്ഥത്തിൽ ചെലവായ സംഖ്യയോ, അസിസ്റ്റന്റ് എഞ്ചിനീയർ അളവ് എടുത്തത് അനുസരിച്ചുള്ള തുകയോ, ഏതാണ് കുറവ് അതാണ് നൽകേണ്ടത്. റോഡ് പ്രവർത്തികളിൽ ടാറിന്റെ ബില്ലുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും ബില്ലിൽ രേഖപ്പെടുത്തിയ യഥാർത്ഥ വിലയേക്കാൾ കൂടിയ നിരക്കിലുള്ള വിലയാണ് നൽകുന്നത്.

സർക്കാർ മാർഗ നിർദേശമനുസരിച്ച് ബ്ലോക്ക് പഞ്ചായത്തുകൾ 5 ലക്ഷം രൂപയെങ്കിലും അടങ്കൽ തുകയുള്ള പ്രൊജക്ടുകളാണ് ഏറ്റെടുക്കേണ്ടത്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ചില പദ്ധതികൾ 5 ലക്ഷം രൂപയിൽ കുറവുള്ളതാണ്.

ബ്ലോക്ക് പഞ്ചായത്തിന് റോഡ് പ്രവർത്തികൾ ഏറ്റെടുക്കാമെന്ന് സർക്കാർ നിർദേശമുണ്ടെങ്കിലും, റോഡിന്റെ വീതി 6 മീറ്റർ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ഇത്തരം പ്രവൃത്തികൾ സംയുക്ത പ്രൊജക്ടായി ഏറ്റെടുക്കുന്നതിനാണ് സർക്കാർ അനുമതി നൽകിയത്.എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ റോഡ് പ്രവൃത്തികളൊന്നും സംയുക്ത പ്രൊജക്ടായല്ല നടപ്പാക്കിയത്.കുടിവെള്ള പ്രൊജക്ടുകൾ അതാത് ഗ്രാമപഞ്ചായത്തുകളുടെ സമ്മതത്തോടെ ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാമെങ്കിലും തൻവർഷം നടപ്പാക്കിയ കുടിവെള്ള പ്രൊജക്ടുകളിലൊന്നും ഇത്തരത്തിൽ പഞ്ചായത്തിന്റെ അനുമതി നേടിയതായി കാണുന്നില്ല. അതോടൊപ്പം ബ്ലോക്ക് പഞ്ചായത്തുകൾ നിർവഹണം നടത്തുന്ന റോഡുകൾ, മറ്റ് ആസ്തികൾ എന്നിവയുടെ വിവരം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് ഏറ്റെടുക്കുന്ന മരാമത്ത് പ്രവർത്തി സൈറ്റുകളിൽ നിർദേശങ്ങൾക്കനുസൃതമായി പ്രവർത്തിയുടെ വിശദാംശങ്ങൾ അടങ്ങിയ ബോർഡ് സ്ഥാപിക്കുന്നതായി കാണുന്നില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഭാഗം-4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
അരീക്കോട് ഗ്രാമ പഞ്ചായത്ത്	2015-16	1300000	ഐ.എ.വൈ വിഹിതം നൽകൽ	ലഭ്യമല്ല	ലഭ്യമല്ല
ചീക്കോട് ഗ്രാമ പഞ്ചായത്ത്	,,	1380000	,,	,,	,,
എടവണ്ണ ഗ്രാമ പഞ്ചായത്ത്	,,	840000	,,	,,	,,
കാവനൂർ ഗ്രാമ പഞ്ചായത്ത്	,,	1840000	,,	,,	,,
കീഴുപറമ്പ് ഗ്രാമ പഞ്ചായത്ത്	,,	140000	,,	,,	,,
കുഴിമണ്ണ ഗ്രാമ പഞ്ചായത്ത്	,,	1340000	,,	,,	,,
പുൽപ്പറ്റ ഗ്രാമ പഞ്ചായത്ത്	,,	1300000	,,	,,	,,
ഊർങ്ങാട്ടീരി ഗ്രാമ പഞ്ചായത്ത്	,,	1900000	,,	,,	,,

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-4 വായ്പ/ വായ്പ തിരിച്ചടവ്

വായ്പയുടെ പേര്	ഉത്തരവ് നമ്പർ/തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക	വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക
ഭവന നിർമ്മാണ പദ്ധതി	സ.ഉ (എം.എസ്) 90/13/ lsgd തി. 14-03-13	3087000	11727231	1564336	10162895

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2015-6 വർഷത്തിൽ ലഭിച്ച 240 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	ട്രഷറി ചലാൻ നമ്പർ തിയ്യതി
1998-99		180	സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്	89129/06-02-2015
2001-02		60	,,	,,

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2011-12 2012-13	3-2	2013-14	4(9)	ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതിയിലെ ക്രമക്കേടുകൾ	2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡിക നിയമസഭാ സമിതി പരിഗണനയിലാണ്

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

വർഷം	2015-16
ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ)	267458760
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	202702542
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	120310
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	2552616

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1		96500	ശ്രീ. എ. ജയകുമാർ, സെക്രട്ടറി
3-2		23810	ശ്രീ. എ. ജയകുമാർ, സെക്രട്ടറി
ആകെ		120310	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	903500	ശ്രീ. എ. ജയകുമാർ, സെക്രട്ടറി
3-3	1208001	ശ്രീ. എ. ജയകുമാർ, സെക്രട്ടറി
3-5	430715	ശ്രീ. എ. ജയകുമാർ, സെക്രട്ടറി
3-6	10400	ശ്രീ. എ. ജയകുമാർ, സെക്രട്ടറി
ആകെ	2552616	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. എ. ജയകുമാർ, സെക്രട്ടറി	ബി.ഡി.ഒ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്	ജയദേവ്, കവടിയാർ. പി.ഒ, അമ്പലം ജംഗ്ഷൻ, തിരുവനന്തപുരം

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
1998-99	എൽ.എഫ്.എം.4/2420/12 തി.17.01.2013	9	
1999-00	എൽ.എഫ്.എം.15/177/07 തി.15.03.2007	9	
2000-01	എൽ.എഫ്.എം.15/178/07 തി.15.03.2007	7	
2001-02	എൽ.എഫ്.എം.15/179/07 തി.15.03.2007	5	
2002-03	എൽ.എഫ്.എം.15/446/06 തി.18.08.2007	25	
2003-04	എൽ.എഫ്.എം.15/745/06 തി.08.02.2007	14	
2004-05	എൽ.എഫ്.എം.15/229/09 തി.26.10.2009	18	
2005-06	എൽ.എഫ്.എം.15/929/07 തി.22.02.2008	34	
2006-07	എൽ.എഫ്.എം.15/209/10 തി.05.10.2012	5	
2007-08	എൽ.എഫ്.എം.15/210/10തി.09.04.2010	16	
2008-09	എൽ.എഫ്.എം.4/2046/10തി.11.02.2012	6	
2009-10	എൽ.എഫ്.എം.4/2047/10 തി.11.02.2011	14	
2010-11	എൽ.എഫ്.എം.4/2486/11 തി.16.04.2012	9	
2011-12, 2012-13	എൽ.എഫ്.എം.4/2427/13 തി:08.01.2014	23	
2013-14	എൽ.എഫ്.എം.4/627/15 തി.31.03.2015	20	
2014-15	എൽ.എഫ്.എം.4/2047/10 തി.11.02.2011		

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

അനുബന്ധം I

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം.8/563/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി.17-03-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം

എം.എ.3/17

ANNEXURE II

AUDIT CERTIFICATE

No. KSA/MPM-8/563/2017

Kerala State Audit Department
District Office, Malappuram

Dated: 17-03-2017

Certified that I have Audited the Annual Financial Statement of Areacode Block Panchayat in Malappuram District for the year 2015-16 in accordance with section 4 of the Kerala Local Fund Audit Act 1994 section 215(4) of the KeralaPanchayat Raj Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Areacode Block Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

SENIOR DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

MAC3/17